(സി) സംസ്ഥാന സർക്കാർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പൂർത്തിയായിട്ടുണ്ട്.

(സി) മാഹി-വടകര കനാലിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി, 7500 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

55 [218] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള 1050 പദ്ധതികളുടെ ആസ്തി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള കെ.ഡബ്ല്യു.എ. ഗ്രാമീണ പദ്ധതികൾ കെ.ആർ.ഡബ്ല്യു. എസ്.എ.-യ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭരണപരമായ ചെലവും പദ്ധതി ചെലവും വേർതിരിച്ച് വ്യക്തമാക്കാമോ;

(എഫ്) നാല് ജില്ലകളിലായി നടത്തിയ കെ.ആർ.ഡബ്ല്യു.എസ്.എ. പദ്ധതികൾക്ക് ഇതുവരെ എത്ര തുക ചെലവായി എന്ന് വെളിപ്പെടുത്താമോ;

(ജി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ 451.40 കോടി രൂപയുടെ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) പഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള 1050 പദ്ധതികളിൽ 91 പദ്ധതികളുടെ ആസ്തി 1367 ലക്ഷം രൂപയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കി പദ്ധതികളുടെ ആസ്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടിക്രമം നടന്നുകൊണ്ടിരിക്കുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജലനിധി എന്ന പേരിലുള്ള കുടിവെള്ള ശുചിത്വ പദ്ധതിയാണ്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ കീഴിൽ നടപ്പിലാക്കുന്നത്.

(ഇ) ഇതുവരെയുള്ള ഭരണപരമായ ചെലവ് 9.53 കോടി രൂപയും പദ്ധതി ചെലവ് 78.2 കോടി രൂപയുമാണ്.

(എഫ്) 87.73 കോടി രൂപ

(ജി) പുതുക്കിയ കർമ്മപരിപാടി പ്രകാരം പ്രതീക്ഷിക്കുന്ന ചെലവ് 390.71 കോടി രൂപയാണ്. ഇനം തിരിച്ചുള്ള തുക ചുവടെ കൊടുക്കുന്നു:

സ്ഥാപനചെലവ്	..	19.66	കോടി രൂപ
പദ്ധതി ഘടകങ്ങൾ	..	298.26	,,
സംസ്ഥാനതല മേഖലാ വികസനം	..	2.18	,,
ദേശീയതല മേഖലാ വികസനം	..	10.61	,,
സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പാക്കൽ	..	60.00	,,

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതികൾ

56 [219] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്ര കുടിവെള്ള പദ്ധതികൾ പണി പൂർത്തിയാക്കിയെന്നും എത്രയെണ്ണം പുതുതായി ആരംഭിച്ചുവെന്നും ഇനി എത്രയെണ്ണം പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കേരളാ വാട്ടർ അതോറിറ്റി

പണി പൂർത്തിയാക്കിയ പദ്ധതികൾ	..	2
ആരംഭിച്ച പദ്ധതികൾ	..	14
പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ	..	2

ഇതുകൂടാതെ കാസർഗോഡ് സെക്ടർ റിഫോംസ് പ്രോജക്ട് പ്രകാരം ചെറുകിട കുടിവെള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വിശദ വിവരം പിന്നാലെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly